ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.11.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ശീതകാല സമ്മേളനത്തിൻറെ ആദ്യദിനം തന്നെ പ്രക്ഷുബ്ധമായി പാർലമെൻറ്. നടപടികൾ പൂർത്തിയാക്കി ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   First day of the Winter Session in Parliament disrupted: both Houses adjourned for the day after completing the proceedings .

2. ഇന്ത്യയുടെ ഭാവി സഹകരണ യാത്രയ്ക്ക് ഐ സി എ ആഗോള സഹകരണ ഉച്ചകോടി പുതിയ ഉൾക്കാഴ്ചകൾ നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി . ഉച്ചകോടിയുടെ ഉദ്ഘാടനം പ്രധാനമന്ത്രി ന്യൂഡൽഹിയിൽ നിർവഹിച്ചു.

   ICA Global Cooperation Summit will provide new insights for India's future cooperation journey, says Prime Minister Narendra Modi. PM inaugurates the summit in New Delhi.

3. ഇന്ത്യൻ ഭരണഘടന അംഗീകരിച്ചതിൻറെ 75-ാം വാർഷികത്തോട് അനുബന്ധിച്ച് ഒരു വർഷം നീളുന്ന ആഘോഷ പരിപാടികൾക്ക് നാളെ തുടക്കം.

   A year-long celebration marking the 75th anniversary of the adoption of the Indian Constitution to begin tomorrow.

4. സ്ത്രീകളുടെ ഉന്നമനത്തിന് സർക്കാർ പ്രഥമ പരിഗണന നൽകുന്നതായി കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാൻ. നയി ചേത്ന 3.0 കാമ്പയിൻ കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്തു.

**Government prioritizing women empowerment: Union Minister Shivraj Singh Chouhan. The Minister inaugurates the "Nayi Chetna 3.0" campaign.**

5. **ബോർഡർ ഗാവസ്കർ ട്രോഫി ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഓസ്ട്രേലിയക്കെതിരെ ഇന്ത്യയ്ക്ക് 295 റൺസിന്റെ ജയം. ഐഎസ്എൽ ഫുട്ബോളിൽ ഹൈദരാബാദ് എഫ്സി- ഒഡീഷ എഫ്സി പോരാട്ടം.**

**India defeated Australia by 295 runs in the first Test of the Border–Gavaskar Trophy; and in ISL football league, Hyderabad to face Odisha FC.**

6. **കേരളത്തിൽ അടുത്ത അഞ്ചു ദിവസം ഇടി മിന്നലോടു കൂടിയ മഴയ്ക്ക് സാധ്യത; നാളെ എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രത.**

**IMD forecasts thunderstorm and heavy rain over the next five days in Kerala; yellow alert issued for eight districts tomorrow.**

**&&&&&&&&&&&&&&&&&&**

# RAJYASABHA

ശീതകാല സമ്മേളനത്തിൻറെ ആദ്യദിവസം തന്നെ പ്രക്ഷുബ്ധമായി പാർലമെൻറ്. അദാനി ഗ്രൂപ്പിനെതിരായ കൈക്കൂലി ആരോപണം, മണിപ്പൂർ വിഷയം തുടങ്ങിയവ ഉയർത്തി പ്രതിപക്ഷം രാജ്യസഭയിലും, ലോക്സഭയിലും പ്രതിഷേധിച്ചു. വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രതിപക്ഷത്തിൻറെ ആവശ്യം രാജ്യസഭാ അധ്യക്ഷൻ ജഗ്ദീപ് ധൻകർ നിരാകരിച്ചു. 11.45 വരെ നിർത്തിവച്ച രാജ്യസഭ വീണ്ടും

ചേർന്നെങ്കിലും പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് ഇന്നത്തേക്ക് പിരിയുകയായിരുന്നു.

&&&&&&&&&&&&&&&&&&

## LOKSABHA

ലോക്സഭയിലും സമാനരീതിയിലുള്ള പ്രതിഷേധമാണ് അരങ്ങേറിയത്. 12 മണി വരെ നിർത്തിവച്ച സഭ പിന്നീട് ആരംഭിച്ചെങ്കിലും പ്രതിപക്ഷ ബഹളത്തെ തുടർന്ന് പിരിഞ്ഞു. 26 ദിവസം നീളുന്ന ശീതകാല സമ്മേളനത്തിൽ 19 ദിവസമാണ് സഭ സമ്മേളിക്കുന്നത്. ഭരണഘടനാ ദിനാചരണത്തോടനുബന്ധിച്ച് നാളെ സഭാസമ്മേളനം ഉണ്ടായിരിക്കില്ല.

&&&&&&&&&&&&&&&&&&

## PM PARLIAMENT

ഇന്ത്യയുടെ ആഗോള പ്രശസ്തിയും അന്തസ്സും ഉയർത്താൻ പാർലമെൻ്റിലെ ചർച്ചകൾ ഫലപ്രദമായി വിനിയോഗിക്കണമെന്ന് അംഗങ്ങളോട് അഭ്യർത്ഥിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. പാർലമെൻ്റിൻ്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## CONG BJP - PARLIAMENT

ശീതകാല സമ്മേളനത്തിൻറെ ആദ്യ ദിനം തന്നെ - പാർലമെൻറിലെ നടപടികൾ തടസപ്പെടുത്തിയതിന് പ്രതിപക്ഷത്തെ രൂക്ഷമായി വിമർശിച്ച് ബിജെപിയുടെ മുതിർന്ന നേതാവ് രവിശങ്കർ പ്രസാദ്. സഭാ നടപടി തടസപ്പെടുത്തിയത് അനുചിതമാണെന്ന് പാർലമെൻറിന് പുറത്ത് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

## PM - COOPERATIVE CONFERENCE-INTRO

ഇന്ത്യയുടെ ഭാവി സഹകരണ യാത്രയ്ക്ക് ഐ സി എ ആഗോള സഹകരണ ഉച്ചകോടി പുതിയ ഉൾക്കാഴ്ചകൾ നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി . ആഗോള സഹകരണ ഉച്ചകോടിയുടെ ഉദ്ഘാടനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. (ഹോൾഡ് വോയിസ് ............) രാജ്യത്തെ സഹകരണ ബാങ്കുകളിൽ പന്ത്രണ്ട് ലക്ഷം കോടി രൂപ നിക്ഷേപിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനും ജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിനുമായി സർക്കാർ നിരവധി പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയതായും അദ്ദേഹം കൂട്ടിച്ചേർത്തു . 2025 അന്താരാഷ്ട്ര സഹകരണ വർഷത്തോട് അനുബന്ധിച്ചുള്ള അനുസ്മരണ സ്റ്റാമ്പും ചടങ്ങിൽ പ്രധാനമന്ത്രി പുറത്തിറക്കി . ഭൂട്ടാൻ പ്രധാനമന്ത്രി ഫിജി

ഉപപ്രധാനമന്ത്രി തുടങ്ങിയ പ്രമുഖർ ഉച്ചകോടിയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## CONSTITUTION CELEBRATION

ഇന്ത്യൻ ഭരണഘടന അംഗീകരിച്ചതിൻറെ 75-ാാം വാർഷികത്തോട് അനുബന്ധിച്ച് ഒരു വർഷം നീളുന്ന ആഘോഷ പരിപാടികൾക്ക് കേന്ദ്ര സർക്കാരിൻറെ ആഭിമുഖ്യത്തിൽ നാളെ തുടക്കമാവും. ന്യൂഡൽഹിയിലെ സംവിധാൻ ഭവനിൽ നാളെ നടക്കുന്ന ആഘോഷച്ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെൻറ് അംഗങ്ങളെ അഭിസംബോധന ചെയ്യും. ഹമാരാ സംവിധാൻ ഹമാരാ സ്വാഭിമാൻ എന്ന പേരിൽ വിപുലമായ ആഘോഷ പരിപാടികളാണ് രാജ്യത്തുടനീളം സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

## CONSTITUTION CELEBRATION–STATE

ഭരണഘടനാ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തും നാളെ വിപുലമായ പരിപാടികൾ. നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ നാളെ തിരുവനന്തപുരത്ത് അഞ്ഞൂറോളം മേരാ യുവ ഭാരത് വളണ്ടിയർമാർ അണിനിരക്കുന്ന പദയാത്ര സംഘടിപ്പിക്കും. നിയമസഭ സ്പീക്കർ എ. എൻ. ഷംസീർ ദിനാഘോഷം ഉദ്ഘാടനം ചെയ്യും. ദിനാചരണത്തിൻറെ ഭാഗമായി നിയമസഭാ

ലൈബ്രറിയിൽ സംഘടിപ്പിക്കുന്ന പുസ്തക പ്രദർശനത്തിൻറെ ഉദ്ഘാടനവും സ്പീക്കർ നിർവഹിക്കും.

&&&&&&&&&&&&&&&&&&

## PRESIDENT VISIT – TAMIL NADU

രാഷ്ട്രപതി ദ്രൗപദി മുർമു മൂന്ന് ദിവസത്തെ സന്ദർശനത്തിനായി മറ്റന്നാൾ തമിഴ്നാട്ടിലെത്തും. ഊട്ടിയിലെ വെല്ലിംഗ്ടൺ ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളേജിൽ വ്യാഴാഴ്ച നടക്കുന്ന പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കും. നീലഗിരിയിൽ ഗോത്രവർഗ വിഭാഗങ്ങളുമായി വെള്ളിയാഴ്ച ശ്രീമതി മുർമു സംവദിക്കും. തിരുവാരൂരിലെ തമിഴ്നാട് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന ബിരുദദാന ചടങ്ങിനെ ശനിയാഴ്ച രാഷ്ട്രപതി അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&

## JHARKHAND+ MAHA-GOVT FORMATION

ഝാർഖണ്ഡിൽ ജെഎംഎം നേതാവ് ഹേമന്ദ് സോറേൻ സർക്കാർ ഈ മാസം 28 ന് സത്യപ്രതിജ്ഞ ചെയ്യും. റാഞ്ചിയിൽ ഗവർണറെ കണ്ട് സർക്കാർ രുപീകരണത്തിന് അവകാശവാദം ഉന്നയിച്ച ശേഷമാണ് ശ്രീ ഹേമന്ത് സൊറേൻ ഇക്കാര്യം അറിയിച്ചത്. ഐ.എൻ.ഡി.ഐ.എ മുന്നണിയുടെ ഭാഗമായ 56 നിയുക്ത എം എൽ എ മാരുടെ പിന്തുണക്കത്തും അദ്ദേഹം ഗവർണർക്ക്

കൈമാറി. മഹാരാഷ്ട്രയിലും സർക്കാർ രൂപീകരണത്തിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്.

**&&&&&&&&&&&&&&&&&&**

## GIRIRAJ GI SUMMIT-INTRO

രാജ്യത്തെ കൂടുതൽ ഉൽപ്പന്നങ്ങൾക്ക് ഭൗമസൂചികാ ടാഗ് നൽകാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് കേന്ദ്ര മന്ത്രി ഗിരിരാജ് സിംഗ് . 'വിരാസത്ത് സേ വികാസ് തക് ' എന്ന വിഷയത്തിൽ ജിഐ-യെ ആസ്പദമാക്കി ന്യൂഡൽഹിയിൽ നടന്ന ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്ര മന്ത്രി .

***(ഹോൾഡ് വോയിസ് ..........)***

ജിഐ ടാഗ് ചെയ്ത ഉൽപ്പന്നങ്ങളെ വിനോദ സഞ്ചാര മേഖലയുമായി ബന്ധിപ്പിക്കുന്നത് അവയുടെ വിപണനം വർദ്ധിപ്പിക്കുമെന്നും ശ്രീ ഗിരിരാജ് സിംഗ് ചൂണ്ടിക്കാട്ടി.

**&&&&&&&&&&&&&&&&&&**

## NAYI CHETNA CAMPAIGN

സ്ത്രീകളുടെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, വിദ്യാഭ്യാസ ശാക്തീകരണത്തിന് സർക്കാർ പ്രഥമ പരിഗണന നൽകുന്നതായി കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാൻ. ലിംഗാധിഷ്ഠിത അക്രമങ്ങൾക്കെതിരെ അവബോധം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന

നയി ചേത്ന 3.0 കാമ്പയിൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഒന്നിച്ച് , ഒരേ സ്വരത്തിൽ, അക്രമത്തിനെതിരെ പോരാടുക എന്നതാണ് ഈ വർഷത്തെ പ്രമേയം. അടുത്ത മാസം 23ന് വരെയാണ് ക്യാമ്പയിൻ .

&&&&&&&&&&&&&&&&&&

## CRICKET

പെർത്തിൽ നടന്ന ബോർഡർ ഗാവസ്കർ ട്രോഫി ഒന്നാം ക്രിക്കറ്റ്
ടെസ്റ്റിൽ ഓസ്ട്രേലിയക്കെതിരെ ഇന്ത്യയ്ക്ക് 295 റൺസിന്റെ ജ യം. ഇന്ത്യ ഉയർത്തിയ 534 റൺസ് വിജയ ലക്ഷ്യം പിന്തുടർന്ന ഓസ്ട്രേലിയയുടെ രണ്ടാം ഇന്നിംഗ്സ് 238 റൺസിന് അവസാനിച്ചു. ഇതോടെ അഞ്ച് മത്സര പരമ്പരയിൽ ഇന്ത്യ 1-0 ത്തിന് മുന്നിലാണ്. രണ്ടാം ടെസ്റ്റ് അടുത്തമാസം ആറിന് ഓവലിൽ നടക്കും.

&&&&&&&&&&&&&&&&&&

## FOOTBALL – ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഹൈദരാബാദ് എഫ്സി ഒഡീഷ എഫ്സിയെ നേരിടും. ഹൈദരാബാദിലെ ജിഎംസി ബാലയോഗി അത്‌ലറ്റിക് സ്റ്റേഡിയത്തിലാണ മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ

ചെന്നൈയിൻ എഫ്സിക്കെതിരെ കേരള ബ്ലാസ്റ്റേഴ്സ് എതിരില്ലാത്ത മൂന്ന് ഗോളിൻ്റെ ആധികാരിക വിജയം നേടി.

&&&&&&&&&&&&&&&&&&

## RAIN

ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം ശക്തി പ്രാപിച്ചതിനെ തുടർന്ന് കേരളത്തിൽ അടുത്ത അഞ്ചു ദിവസം ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതെയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാളെ എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഈ മാസം 29 വരെ കേരള തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## DAY–IFFI

ഗോവയിൽ നടക്കുന്ന ഇന്ത്യ - അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ ശ്രദ്ധേയമായി പ്രാദേശിക സിനിമകൾ. മേളയിലെ പ്രാദേശിക ചലച്ചിത്രങ്ങൾ സംസ്കാരത്തിൽ ആഴത്തിൽ വേരൂന്നിയതാണെന്ന് കന്നഡ നിർമ്മാതാവും നടനുമായ ഗൗരി ശങ്കർ എസ്ആർജി അഭിപ്രായപ്പെട്ടു. പ്രശസ്ത ബോളിവുഡ് താരം കൃതി സനോൺ, ഓസ്ട്രേലിയൻ സംവിധായകൻ ഫിലിപ് നോയ്സ് എന്നിവർ നയിക്കുന്ന ചർച്ചകളും മേളയിൽ നടക്കുന്നുണ്ട് .

&&&&&&&&&&&&&&&&&&&

## JAISHANKAR-MED

മധ്യപൂർവ മേഖലയിലെ ഭീകര പ്രവർത്തനങ്ങളിൽ ആശങ്കയറിയിച്ച് വിദേശകാര്യമന്ത്രി എസ് ജയശങ്കർ. മേഖലയിലെ അക്രമ സംഭവങ്ങളെ ഇന്ത്യ ശക്തമായി അപലപിക്കുന്നതായും കേന്ദ്രമന്ത്രി പറഞ്ഞു. റോമിൽ നടക്കുന്ന M.E.D. മെഡിറ്ററേനിയൻ ഡയലോഗിൽ സംസാരിക്കുകയായിരുന്നു ശ്രീ ജയശങ്കർ. പലസ്തീൻ , യുക്രൈൻ വിഷയങ്ങൾ ഉയർത്തിക്കാട്ടിയ ശ്രീ ജയശങ്കർ പ്രശ്നങ്ങളുടെ പരിഹാരം ചർച്ചകളിലൂടെയും നയതന്ത്രബന്ധത്തിലൂടെയും ആകണമെന്നും ആവർത്തിച്ചു. ഫ്രഞ്ച് വിദേശകാര്യമന്ത്രിയുമായി ശ്രീ ജയശങ്കർ കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&&

## MANDAVIYA - OLYMPICS

ലോക അത്‌ലറ്റിക്സ് പ്രസിഡൻ്റും അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി അംഗവുമായ ലോർഡ് സെബാസ്റ്റ്യൻ കോയുമായി കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. 2036-ലെ ഒളിമ്പിക്സിനും

പാരാലിമ്പിക്സിനും ആതിഥേയത്വം വഹിക്കാനുള്ള ഇന്ത്യയുടെ സന്നദ്ധത അറിയിച്ചതായി ശ്രീ മാണ്ഡവ്യ സമൂഹമാധ്യമത്തിൽ കുറിച്ചു .

&&&&&&&&&&&&&&&&&&

## Om Birla

ഇന്ത്യൻ ഭരണഘടന ഭീഷണി നേരിടുന്നതായുള്ള ആരോപണങ്ങൾ നിഷേധിച്ച് ലോക്സഭാ സ്പീക്കർ ഓം ബിർല. ആകാശവാണി വാർത്തകൾക്ക് അനുവദിച്ച പ്രത്യേക അഭിമുഖത്തിലാണ് അദ്ദേഹം ഇങ്ങനെ പരാമർശിച്ചത്. ഭരണഘടന എല്ലാ വിഭാഗം ജനങ്ങൾക്കുമുള്ളതാണെന്നും സമൂഹത്തിന് അതിൽ വിശ്വാസം ഉണ്ടെന്നും ശ്രീ ബിർല പറഞ്ഞു.

&&&&&&&&&&&&&&&&&&

## SAMVIDHAN-PADYATRA

ഭരണഘടനാ ദിനത്തിന് മുന്നോടിയായി ന്യൂഡൽഹിയിൽ ഇന്ന് നടന്ന ഹമാര സംവിധാൻ ഹമാര സ്വാഭിമാൻ പദയാത്രയിൽ കേന്ദ്ര യുവജനകാര്യ കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ പങ്കെടുത്തു. രാജ്യത്തിൻറെ ജനാധിപത്യ യാത്രയിലെ സുപ്രധാന നാഴികകല്ലായി അടയാളപ്പെടുത്തുന്ന ഇന്ത്യൻ ഭരണഘടനയുടെ അംഗീകാരം ആഘോഷിക്കുന്നതിനാണ് പദയാത്ര സംഘടിപ്പിച്ചത് .

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&